"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കളായ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവാകുന്നു

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.3/2023/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 13-03-2023

പരാമർശം:— 1. സ.ഉ. (പി) നം. 333/2011/ധന തീയതി: 06/08/2011

2. സ.ഉ. (പി) നം. 405/2013/ധന തീയതി: 27/08/2013

**ഉത്തരവ്**

2011-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കളായ സർക്കാർ ജീവനക്കാർക്ക് ഒരു കലണ്ടർ വർഷത്തിൽ 15 ദിവസത്തെ പ്രത്യേക ആകസ്മിക അവധി അനുവദിച്ച് സർക്കാർ പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പാർട്ട് ടൈം ജീവനക്കാർക്ക് അപ്രകാരം അവധി നിലവിൽ അനുവദിക്കുന്നില്ല. പാർട്ട് ടൈം ജീവനക്കാർക്കും പ്രസ്തുത ആകസ്മിക അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് ജീവനക്കാർ സർക്കാരിനെ സമീപിക്കുന്നുണ്ട്.

2) പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി പാർട്ട് ടൈം ജീവനക്കാർക്കും 15 ദിവസത്തെ പ്രത്യേക ആകസ്മിക അവധി അനുവദിക്കുന്നത് ഉചിതമാകുമെന്ന് സർക്കാർ കരുതുന്നു.

3) മേൽ വിവരിച്ച സാഹചര്യത്തിൽ, മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കളായ പാർട്ട് ടൈം കണ്ടിജന്റ് സർവീസ് വിശേഷാൽ ചട്ടത്തിൽപ്പെടുന്ന ജീവനക്കാർക്കും പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഒരു കലണ്ടർ വർഷം 15 ദിവസത്തെ പ്രത്യേക ആകസ്മികാവധി അനുവദിച്ച് ഉത്തരവാകുന്നു.

4) കേരള പാർട്ട് ടൈം കണ്ടിജന്റ് സർവീസ് വിശേഷാൽ ചട്ടത്തിൽ ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റഷീദാ എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/
സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
പൊതുഭരണ വകുപ്പ് [സർ-സി1/104/2022-പൊഭവ നമ്പർ ഫയൽ പ്രകാരം].
ധനകാര്യ വകുപ്പ് [2152885/വ്യയ-സി1/78/2022-ധന നമ്പർ ഫയൽ പ്രകാരം].
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.